## കേരള കോ–ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
## ഹെഡ് ഓഫീസ്, പട്ടം, തിരുവനന്തപുരം – 695 004.

**നം.169/പി.സി/എച്ച്.ഒ.ബി/ജനറൽ/2020** 19 ജൂലൈ 2021

**ദർഘാസ് പരസ്യം**

ദേശീയ ക്ഷീരദിനത്തോടനുബന്ധിച്ച് മിൽമ കേരള കോ ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെ ആസ്ഥാന മന്ദിരത്തിൽ സ്ഥാപിക്കുവാനായി ഡോ : വർഗ്ഗീസ് കുര്യന്റെ പൂർണ്ണമായ പ്രതിമ സമയ ബന്ധിതമായി നിർമ്മിച്ച് നൽകുന്നതിന് ക്ലിപ്ത ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു.

| | |
|---|---|
| ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതി | : **30/07/2021** |
| ദർഘാസുകൾ തുറക്കുന്ന തീയതി | : **30/07/2021** |
| ദർഘാസുകൾ തുറക്കുന്ന സ്ഥലം, സമയം | : **കെ.സി.എം.എം.എഫ് ഹെഡ് ഓഫീസ്, പട്ടം തിരുവനന്തപുരം.** 3.30 pm |

**വിശദ വിവരങ്ങൾ :**

കേരള കോ–ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെ (മിൽമ) ആസ്ഥാന മന്ദിരത്തിനു പുറത്ത് സ്ഥാപിക്കുവാൻ പറ്റുന്നതും ആവശ്യാനുസരണം പീഠത്തിൽ ഘടിപ്പിക്കുവാൻ പറ്റുന്ന തരത്തിലുള്ളതും എട്ട് അടി ഉയരത്തിലുള്ളതുമായ ഡോ: വർഗ്ഗീസ് കുര്യന്റെ പൂർണ്ണകായ ഫൈബർ ഗ്ലാസ് ശില്പത്തിന്റെ നിർമ്മാണം.

**നിബന്ധനകൾ :**

1. ടെണ്ടറുകൾ 30/07/2021 –ന് ഉച്ചയ്ക്ക് 1 മണി വരെ മിൽമ കേരള കോ ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെ ആസ്ഥാന മന്ദിരത്തിൽ സ്വീകരിക്കുന്നതും അന്നേ ദിവസം ഉച്ചയ്ക്ക് 3.30 മണിക്ക് തുറക്കുന്നതുമാണ്.

2. മുദ്ര വെച്ച ക്വട്ടേഷനുകൾ മാനേജിംഗ് ഡയറക്ടർ, കെ.സി.എം.എം.എഫ് കേരള കോ–ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് ഹെഡ് ഓഫീസ്, പട്ടം, തിരുവനന്തപുരം – 695 004 എന്ന വിലാസത്തിലേക്കാണ് അയക്കേണ്ടത്.

3. ക്വട്ടേഷൻ നൽകുമ്പോൾ നികുതി ഉൾപ്പെടാതെയുള്ള വിലയാണ് രേഖപ്പെടുത്തേണ്ടത്.

4. ടെണ്ടറിൽ തിരുത്തലുകളോ തെറ്റുകളോ വരുത്താൻ പാടില്ല. തിരുത്തലുകൾ ഉള്ളിടത്ത് ഒപ്പ് പതിപ്പിക്കേണ്ടതാണ്.

5. ക്വട്ടേഷനുകൾ തുറക്കുന്ന ദിവസം പൊതു അവധിയായി പ്രഖ്യാപിക്കുന്ന പക്ഷം തൊട്ടടുത്ത ദിവസം ക്വട്ടേഷനുകൾ തുറക്കുന്നതാണ്.

6. ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി ഈ ഓഫീസിൽ നിന്നുള്ള നിർദ്ദേശപ്രകാരം നിശ്ചിത സമയത്തിനകം ശില്പ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കേണ്ടതാണ്.

7. പ്രതിമയിൽ പൂർണ്ണമായ പേര് മിൽമയുടെ ഹെഡ് ഓഫീസിൽ നിന്നും നിർദ്ദേശിക്കുന്നരീതിയിൽ ചെയ്യേണ്ടതാണ്.

8. പ്രതിമ നിർമ്മിച്ച് മിൽമയുടെ ആസ്ഥാന മന്ദിരമായ മിൽമ ഭവനിൽ കൊണ്ടുവന്ന് ഇതിനായി നിർമ്മിച്ചിട്ടുള്ള പീഠത്തിൽ ഉറപ്പിക്കുന്നതിന് കയറ്റിറക്കു കൂലി, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് എന്നിവ ഉൾപ്പെടെയുള്ള മുഴുവൻ തുകയുമാണ് കൊട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.

9. പ്രതിമയുടെ ആകെ നീളം (കാൽപാദം മുതൽ തലയുടെ ഏറ്റവും മുകൾഭാഗംവരെയുള്ളത്, ഏകദേശവണ്ണം, ആകെതൂക്കം തുടങ്ങിയ കാര്യങ്ങൾ ടെൻഡറിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

10. ജിഎസ്.ടി രജിസ്ട്രേഷൻ ഉള്ള ആളാണെങ്കിൽ ജിഎസ്.ടി രജിസ്ട്രേഷൻ നമ്പരും കൂടാതെ പാൻ നമ്പരും രജിസ്ട്രേഷൻ നമ്പർ (ബന്ധപ്പെട്ട തൊഴിലിൽ) നിർബന്ധമായും ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടതാണ്.

11. നിർമ്മാണ പുരോഗതിക്ക് ആനുപാതികമായി പേയ്മെന്റ് ലഭ്യമാകണമെങ്കിൽ ബാങ്ക് ഗ്യാരന്റി പോലുള്ള ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്.

12. ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിക്ക് ചുരുങ്ങിയത് പത്ത് വർഷത്തിൽ കൂടുതൽ പ്രതിമനിർമ്മാണ മേഖലയിൽ പ്രായോഗിക പരിചയം ഉണ്ടാകേണ്ടതും ക്വട്ടേഷൻ സമർപ്പിക്കുന്ന സമയത്ത് പ്രായോഗിക പരിചയം തെളിയിക്കുന്നതിനുള്ള രേഖകൾ ക്വട്ടേഷനൊപ്പം സമർപ്പിക്കേണ്ടതാണ്.

13. പ്രതിമ നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ പരമാവധി സമയം ക്വട്ടേഷനിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ് .

14. ക്വട്ടേഷൻ കവറിന്റെ പുറത്ത് **''ഡോക്ടർ വർഗ്ഗീസ്സ് കുര്യന്റെ പൂർണ്ണകായ പ്രതിമ സ്ഥാപിക്കുന്നതിനുള്ള ക്വട്ടേഷൻ''** എന്ന് കാണിച്ചിരിക്കണം.

15. ക്വട്ടേഷനുകൾ നിരസിക്കുക, നോട്ടീസ് കൂടാതെ ക്വട്ടേഷൻ നടപടികൾ നിർത്തി വയ്ക്കുക, ക്വട്ടേഷൻ റദ്ദ് ചെയ്യുക എന്നിവ സംബന്ധിക്കുന്ന തീരുമാനങ്ങൾ പൂർണ്ണമായും മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

**മാനേജർ(പ്രോജക്ട്സ്)**
**മാനേജിംഗ് ഡയറ്ടർക്കുവേണ്ടി**